ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04-06-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വെനിസ്വേല ആക്ടിംഗ് പ്രസിഡന്റ് ഡെൽസി റോഡ്രിഗസ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായും സംവദിച്ചു.

**Acting President of Venezuela, Delcy Rodríguez met Prime Minister Narendra Modi in New Delhi. She also held discussions with External Affairs Minister S. Jaishankar.**

2. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം നിയമസഭയിൽ. കടബാധ്യത 5.07 ലക്ഷം കോടി രൂപ. കിഫ്ബി വായ്പാബാധ്യത 21,000 കോടി.

**White Paper on Keralam's financial situation tabled in the State Assembly. Total debt stands at ₹5.07 lakh crore, while the loan liability of Kerala Infrastructure Investment Fund Board is ₹21,000 crore.**

3. ധവളപത്രം സംസ്ഥാനത്തിന്റെ യാഥാർഥ്യങ്ങൾ ഉൾക്കൊള്ളുന്നതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ധവളപത്രത്തിൽ വിയോജിപ്പ് രേഖപ്പെടുത്തി പ്രതിപക്ഷം.

The White Paper reflects the realities of the State's financial situation, says Chief Minister V. D. Satheesan. The Opposition recorded its dissent on the contents of the White Paper.

4. പ്രഥമ ലോക യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ഗുജറാത്തിൽ തുടക്കമാകും.

First World Yogasana Sports Championship to begin today in Gujarat.

5. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത. 6 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

Heavy rainfall is likely across Keralam. Orange alert has been issued in six districts. Fishing has been banned along the Kerala, Karnataka and Lakshadweep coasts till Sunday due to adverse weather conditions.

6. സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ കടന്ന് ഇന്ത്യ. ശനിയാഴ്ച ബംഗ്ലാദേശിനെ നേരിടും.

India stormed into the final of the SAFF Women's Football Championship and will face Bangladesh in final on Saturday.

&&&&&&&&&&&&&&&&&

**HEADLINE-1**

**PM – VENEZUELA PRESIDENT**

ഇന്ത്യ സന്ദർശിക്കുന്ന വെനിസ്വേലയുടെ ആക്ടിംഗ് പ്രസിഡന്റ് ഡെൽസി റോഡ്രിഗസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ന്യൂഡൽഹിയിൽ എത്തിയ ഡെൽസി റോഡ്രിഗസ് വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായും കൂടിക്കാഴ്ച നടത്തി. വെനിസ്വേലയുമായുള്ള ദീർഘകാല ബന്ധത്തെ ഇന്ത്യ വിലമതിക്കുന്നതായി ശ്രീ. ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

**HEADLINE-2**

**KERALA ASSEMBLY WHITE PAPER**

കേരളത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ വച്ചു. സംസ്ഥാനത്തിൻറെ കടബാധ്യത 5.07 ലക്ഷം കോടി രൂപയാണെന്ന് ധവളപത്രത്തിൽ പറയുന്നു. വരുമാനത്തിന്റെ 77 ശതമാനവും ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ നിർബന്ധിത ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. ട്രഷറി പ്രതിസന്ധി രൂക്ഷമായി തുടരുന്നതായും ധവളപത്രത്തിൽ പരാമർശമുണ്ട്. കിഫ്ബിയുടെ വായ്പാബാധ്യത ഏകദേശം 21,000 കോടി രൂപയാണ്. ഇവ യഥാർത്ഥത്തിൽ സംസ്ഥാനത്തിൻറെ കടങ്ങളാണെന്ന് ധവള പത്രത്തിൽ പറയുന്നു. KSRTC, ജല അതോറിട്ടി തുടങ്ങിയ സ്ഥാപനങ്ങൾ കാരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ സഞ്ചിത നഷ്ടം 78,851 കോടി ആയി ഉയർന്നു. ധനകാര്യ സ്ഥിതി മെച്ചപ്പെടുത്താനുള്ള ദീർഘകാല പരിഹാരമായി സ്വകാര്യ നിക്ഷേപം, വ്യവസായ വികസനം, തൊഴിലവസര സൃഷ്ടി, അടിസ്ഥാനസൗകര്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

&&&&&&&&&&&&&&&&&

**CM (INTRO)**

***ധവളപത്രം രാഷ്ട്രീയ പ്രസ്താവനയല്ലെന്നും മറിച്ച് സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിദഗ്ധ അഭിപ്രായം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള യാഥാർഥ്യങ്ങളാണെന്നും മുഖ്യമന്ത്രി വി ഡി സതീശൻ സഭയിൽ പറഞ്ഞു.***

*(ഹോൾഡ് വോയിസ് - സിഎം)*

&&&&&&&&&&&&&&&&&&

## HEADLINE-3

## REACTION ASSEMBLY

ധവളപത്രത്തിൽ പ്രതിപക്ഷം വിയോജിപ്പ് രേഖപ്പെടുത്തി. രഹസ്യസ്വഭാവമുള്ള ധനകാര്യ വകുപ്പിന്റെ രേഖകൾ സർക്കാർ സർവ്വീസിൽ ഇല്ലാത്തവരെ ഏൽപ്പിച്ചത് അംഗീകരിക്കാൻ കഴിയില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. ധവളപത്രം ക്രമവിരുദ്ധമാണെന്ന് മുൻ ധനമന്ത്രി കെ എൻ ബാലഗോപാൽ ആരോപിച്ചു. നന്ദിപ്രമേയത്തെ എതിർക്കുന്നതായി നിയമസഭയിലെ ബിജെപി അംഗം രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി. ബജറ്റ് ചർച്ചയോടൊപ്പം ധവളപത്രത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു .

&&&&&&&&&&&&&&&&&&

## BRICS -VARANASI

ബ്രിക്സ് സാംസ്കാരിക പ്രവർത്തക സമിതിയുടെ രണ്ടാമത് യോഗത്തിന് വാരാണസിയിൽ ഇന്ന് തുടക്കമാകും. രണ്ട് ദിവസത്തെ യോഗത്തിൽ ചൈന, ബ്രസീൽ, ഈജിപ്റ്റ്, എത്യോപ്യ, ഇന്തോനേഷ്യ എന്നിവയുൾപ്പെടെ 11 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. മുതിർന്ന നയതന്ത്രജ്ഞരും, നയരൂപകർത്താക്കളും, സാംസ്കാരിക വിദഗ്ധരും ചർച്ചകളിൽ പങ്കെടുക്കും. **ഒരു ജില്ല, ഒരു ഉത്പന്നം** എന്ന പ്രത്യേക പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## UK SECY OF STATE - INDIA VISIT

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി യു.കെ.-യിലെ വിദേശ-കോമൺവെൽത്ത് കാര്യ സെക്രട്ടറി അവെറ്റ് കൂപ്പർ ന്യൂഡൽഹിയിലെത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുമായും ഇന്ന് കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

**PM – GUJARAT AND DAMAN**

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഗുജറാത്തും ദാമനും സന്ദർശിക്കും. സൂറത്തിൽ 18,800 കോടി യുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. വൈകുന്നേരം ദാമനിൽ എത്തുന്ന പ്രധാനമന്ത്രി ആരോഗ്യ സംരക്ഷണം, സിവിൽ ഏവിയേഷൻ, ടൂറിസം, എന്നിവ ഉൾപ്പെടെ ഏകദേശം 2,970 കോടി രൂപയുടെ വികസന പദ്ധതികളുടെ തറക്കല്ലിടൽ നിർവഹിക്കും. നമോ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ ഉൾപ്പെടെ ഏകദേശം 1,340 കോടി രൂപയുടെ പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&

**H.C – ED**

തിരുവനന്തപുരത്ത് മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ വസതിയിലെ പരിശോധനയ്ക്ക് ശേഷം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർക്ക് നേരെ നടന്ന ആക്രമണത്തിൽ പ്രതികരണം തേടി കേരള ഹൈക്കോടതി. സംസ്ഥാനം സ്വീകരിച്ച തുടർനടപടിയെക്കുറിച്ചാണ് കോടതി ആരാഞ്ഞത്.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**KERALA HIGHCOURT**

എറണാകുളം മലയിടംതുരുത്ത് പര്യത്തുകാവ് ഉന്നതിയിലെ കുടിയൊഴിപ്പിക്കൽ നടപടികൾക്ക് കൂടുതൽ സമയം അനുവദിച്ച് ഹൈകോടതി. ജൂൺ 16വരെയാണ് സമയം നീട്ടിനൽകിയത്. പെരുമ്പാവൂർ മുൻസിഫ് കോടതിയുടെ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച ഹർജിയിലാണ് ഹൈകോടതിയുടെ ഉത്തരവ്. ഈ മാസം ഒമ്പതിനകം ഒഴിപ്പിക്കണമെന്നായിരുന്നു പെരുമ്പാവൂർ കോടതിയുടെ ഉത്തരവ്.

&&&&&&&&&&&&&&&&&&

## HEADLINE-5

## RAIN – KERALAM

സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം ഏഴ് വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## MELUKAVU PANCHAYAT (INTRO)

*2025 – ലെ ദേശീയ പഞ്ചായത്ത് അവാർഡ് നേടിയതിന്റെ നിറവിലാണ് കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്ത്. പുരസ്കാര നേട്ടത്തെ കുറിച്ച് ഗ്രാമപഞ്ചായത്തു പ്രസിഡന്റ് ബിൻസി ടോമി ആകാശവാണി വാർത്തകളോട്......*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## H1N1 DEATH

കേരളത്തിൽ എച്ച് 1 എൻ 1 ബാധിച്ച് വയോധിക മരിച്ചു. കൊച്ചി പാലാരിവട്ടം സ്വദേശി ലളിതാംബികയാണ് മരിച്ചത്. ശ്വാസതടസ്സം അനുഭവപ്പെട്ടതിനെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ കഴിഞ്ഞ ദിവസം രോഗബാധ സ്ഥിരീകരിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

## HEADLINE-4

## Yogasana – Championship –INTRO

*പ്രഥമ ലോക യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ഗുജറാത്തിലെ അഹമ്മദാബാദിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി ചാമ്പ്യൻഷിപ്പിൽ വെർച്വലായി പങ്കെടുക്കും.*

*ഒരു റിപ്പോർട്ട്....*

*(വോയിസ്)*

*യോഗാസന കായിക ചാമ്പ്യൻഷിപ്പ് ഇന്ന് വൈകുന്നേരം ഗുജറാത്തിലെ ട്രാൻസ്സ്റ്റേഡിയത്തിലാണ് തുടക്കമാകുന്നത്. കായികരംഗത്തെ ചരിത്രനേട്ടമായി വിലയിരുത്തപ്പെടുന്ന ചാമ്പ്യൻഷിപ്പിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യോഗാഭ്യാസികളും കായികതാരങ്ങളും മത്സരിക്കും. അഞ്ച് ദിവസം നീളുന്ന ചാമ്പ്യൻഷിപ്പിൽ അമേരിക്ക ഉൾപ്പെടെ 60 രാജ്യങ്ങളിൽ നിന്നുള്ള 400-ലധികം താരങ്ങളാണ് പങ്കെടുക്കുന്നത്. **World Yogasana**-യുടെ ആഭിമുഖ്യത്തിൽ യോഗാസന ഭാരതാണ് പരിപാടി സംഘടിപ്പിക്കുന്നത്. കായിക മത്സരങ്ങളിൽ യോഗ ഉൾപ്പെടുത്തുന്നതിനും യോഗയുടെയും ആരോഗ്യപരിപാലനത്തിൻറെയും പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഏഴ് യോഗാസന ഇനങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ ശക്തി, വഴക്കം, സഹിഷ്ണുത, കൃത്യത എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മത്സരാർത്ഥികളുടെ പ്രകടനം വിലയിരുത്തുന്നത്.*
*ന്യൂസ് ഡെസ്ക്, ആകാശവാണി.*

&&&&&&&&&&&&&&&&&&

**HEADLINE-6**

**SAFF WOMEN CSHIP**

ആറ് വർഷത്തെ ഇടവേളയ്ക്ക് ശേഷം സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ കടന്ന് ഇന്ത്യ. ശനിയാഴ്ച നടക്കുന്ന ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ബംഗ്ലാദേശിനെ ഇന്ത്യ നേരിടും. ഇന്നലെ നടന്ന സെമിയിൽ ഭൂട്ടാനെ എതിരില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ ഫൈനൽ പ്രവേശം.

&&&&&&&&&&&&&&&&&&

## GLOBAL TRAVEL MART

ഗ്ലോബൽ ട്രാവൽ മാർട്ട് എക്സ്പോ 2026 ന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം ചെയ്യും. ഗ്ലോബൽ ട്രാവൽ മാർക്കറ്റിനോട് അനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. ആന്ധ്രാപ്രദേശ് ടൂറിസം - സാംസ്കാരിക വകുപ്പ് മന്ത്രി കണ്ടുല ദുർഗേഷ് ചടങ്ങിൽ മുഖ്യാതിഥിയാകും.

&&&&&&&&&&&&&&&&&

## GOVT-12 YRS EASE OF DOING BUSINESS

കഴിഞ്ഞ 12 വർഷത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ വിവിധമേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് ആകാശവാണി പ്രത്യേക പരിപാടി ഒരുക്കുന്നു. രാജ്യത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് ഇന്ന് അറിയാം. 2016ൽ ആരംഭിച്ച 'സ്റ്റാർട്ടപ്പ് ഇന്ത്യ' പദ്ധതിയിലൂടെ രാജ്യത്തെ സ്റ്റാർട്ടപ്പുകളുടെ എണ്ണം അഞ്ഞൂറിൽ നിന്ന് ഈ വർഷം മാർച്ചിൽ 2.23 ലക്ഷമായി ഉയർന്നു. നികുതിദായകർക്കായി 2021-ൽ പുതിയ ഇ-ഫൈലിംഗ് പോർട്ടൽ ആരംഭിച്ചതും, ജി.എസ്.ടി നടപ്പിലാക്കിയതും വലിയ മാറ്റങ്ങൾക്ക് വഴിവച്ചു.

&&&&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 72 പോയിന്റ് ഉയർന്നു 74,418 ലും, നിഫ്റ്റി 24 പോയിന്റ് നേട്ടത്തിൽ 23,429 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 14,480 രൂപയും, ഗ്രാമിന് 14,310 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&